

# ആസ്പിരൻസി

*"തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്ക്കളങ്കരുമായിരിക്കുവാൻ ലോക സ്ഥാപനത്തിനുമുമ്പുതന്നെ അവിടുന്ന് നമ്മെ ക്രിസ്തുവിൽ തെരഞ്ഞെടുത്തു"*

(Eph.1:4)

മാനുഷികവും ക്രിസ്തീയവുമായ പക്വതയിൽ വളർന്ന് ദൈവവിളിയെപ്പറ്റിയുള്ള ആഴമായ ബോധ്യത്തിൽ അടിയുറച്ച് മുന്നേറുന്ന കാലഘട്ടമാണ് ആസിപിരൻസി. ക്രിസ്തീയ വിശ്വാസത്തിൽ ആഴപ്പെടുന്നതും നിർമ്മലമനസാക്ഷിക്ക് രൂപം കൊടുക്കുന്നതും ഈ കാലഘട്ടത്തിലാണ്. ഈ ആധുനിക ലോകത്തിൽ വ്യത്യസ്തമായ കുടുംബസാഹചര്യങ്ങളിൽ നിന്ന് യേശുവിന്റെ പിന്നാലെ ധീരതയോടെ ഇറങ്ങിത്തിരിച്ചവർ ഒരുമിച്ച് ഒരു ഭവനത്തിൽ ജീവിക്കുമ്പോൾ പരസ്പരം യേശുവിനെ ഹൃദയങ്ങളിൽ കണ്ടെത്തുവാൻ പരിശീലനം ലഭിക്കുകയാണിവിടെ. വി. കൊച്ചുത്രേസ്യായുടെ മധ്യസ്ഥ സഹായത്താൽ വിശ്വാസത്തിന്റെ ആഴങ്ങളിലേയ്ക്ക് ഈളിയിട്ടിറങ്ങുവാൻ അവർ അഭ്യസിക്കുന്നു. ജീവിതാനുഭവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ കാണുവാനും അവർ പ്രാപ്തരാകുന്നു. വി.കുർബാനയിലൂടെയും ആരാധനയിലൂടെയും ദിവ്യകാരുണ്യ സംസ്ക്കാരത്തിലേയ്ക്ക് അവർ വളരുന്നു. അവരുടെ സർഗ്ഗാത്മകവാസനകളെ ഉണർത്തുന്നതിനും വളർത്തുന്നതിനും ആസ്പിരൻസി ഘട്ടത്തിൽ അവസരം ലഭിക്കുന്നു. മാനസികവും വൈകാരികവുമായ പക്വത പ്രാപിച്ച്, ധാർമ്മികവും ആദ്ധ്യാത്മികവുമായ മൂല്യങ്ങളിൽ അടിയുറച്ച് ദിവ്യകാരുണ്യ ജീവിതം നയിക്കുന്നതിനുള്ള തീക്ഷ്ണതയും അർത്ഥിനികളിൽ രൂഢമൂലമാകുവാൻ ഈ പരിശീലനഘട്ടം വേദിയാകുന്നു.